# ജി.എച്ച്.എസ്.എസ്

## കിഴക്കഞ്ചേരി

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 2026

## ഉള്ളടക്കം


- ◆ആമുഖം
- ◆വിദ്യാലയ ചരിത്രം
- ◆സ്കൂൾ വിവരങ്ങൾ
- ◆ഹൈസ്കൂൾ ഇന്ന്
- ◆ഭാഷ
- ◆മലയാളം മാസ്ററർ പ്ലാൻ
- ◆സംസ്കൃതം മാസ്ററർ പ്ലാൻ
- ◆ഇംഗ്ലീഷ് മാസ്ററർ പ്ലാൻ
- ◆ഹിന്ദി മാസ്ററർ പ്ലാൻ
- ◆സയൻസ് മാസ്ററർ പ്ലാൻ
- ◆സാമൂഹ്യശാസ്ത്രം മാസ്ററർ പ്ലാൻ
- ◆ഗണിതശാസ്ത്രം മാസ്ററർ പ്ലാൻ
- ◆കായിക വിദ്യാഭ്യാസം മാസ്ററർ പ്ലാൻ

## ആമുഖം

മനുഷ്യന്റെ സാംസ്കാരിക പുരോഗതിയെ വളരെയധികം സ്വാധീനിക്കുന്ന ഒരു ഘടകമാണ് വിദ്യാഭ്യാസം. കേരളത്തിലെ വിദ്യാഭ്യാസ പ്രക്രിയ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് എന്നല്ല ലോകത്തിന് തന്നെ മാതൃകയാണ്. പ്രത്യേകിച്ചും കേരളത്തിലെ പൊതുവിദ്യാഭ്യാസം ഏറെ പ്രശംസ പിടിച്ചു പറ്റിയിട്ടുണ്ട്. കേരള മോഡൽ വികസനത്തിന് ആക്കം കൂട്ടാൻ സഹായിച്ച പ്രധാന ഘടകങ്ങളിൽ ഒന്നാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസം.

പാലക്കാട് ജില്ലയിലെ തെക്കുപടിഞ്ഞാറെ അറ്റത്ത് സ്ഥിതി ചെയ്യുന്ന ഒരു മലയോര ഗ്രാമപ്രദേശമാണ് കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്. ഈ മേഖലയിൽ ജനങ്ങളുടെ വിദ്യാഭ്യാസത്തിന് മുഖ്യ ആശ്രയമാണ് ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ കിഴക്കഞ്ചേരി. ഈ പഞ്ചായത്തിലുള്ള ഒരേ ഒരു ഹയർ സെക്കൻഡറി വിദ്യാലയം ആണിത്. ഇടത്തരം കർഷകരും ധാരാളം കർഷക തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും സാമൂഹികമായും സാമ്പത്തികമായും വളരെ പിന്നോക്കം നിൽക്കുന്നവരാണ്. അതുകൊണ്ടുതന്നെ സമൂഹത്തിന്റെ പൊതുധാരയിൽ ഇനിയും എത്തിപ്പെടേണ്ട അനേകം കുടുംബങ്ങൾ ഈ പ്രദേശത്തുണ്ട്.

ഇവിടത്തെ സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളെ മെച്ചപ്പെടുത്തുന്നതിൽ ഈ വിദ്യാലയം മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. എങ്കിലും ഒരു പിന്നോക്ക പ്രദേശം എന്ന നിലയിൽ ഇനിയും സജീവമായ ഇടപെടലും പരിഗണനയും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും വിദ്യാഭ്യാസ വകുപ്പിൽ നിന്നും പൊതുസമൂഹത്തിൽ നിന്നും ലഭിച്ചാൽ മാത്രമേ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തുവാൻ ഈ പ്രദേശവാസികൾക്ക് കഴിയുകയുള്ളൂ. അത്തരത്തിൽ നല്ല രീതിയിൽ ഇടപെടാൻ ഈ വിദ്യാലയത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു....

## വിദ്യാലയ ചരിത്രം

കേരള സംസ്ഥാനം രൂപീകരിച്ച ശേഷം കേരളത്തിന്റെ പൊതു വിദ്യാഭ്യാസരംഗം ശക്തി പ്രാപിച്ചു വരുന്ന കാലഘട്ടത്തിലാണ് കിഴക്കഞ്ചേരി എന്ന ഗ്രാമ പ്രദേശത്ത് ഈ വിദ്യാലയം സ്ഥാപിക്കാൻ ഇടയായത്. 1957 ലാണ് ഈ വിദ്യാലയം ആരംഭിച്ചത്. കിഴക്കഞ്ചേരിയിലെ കച്ചേരി തൊടി എന്ന സർക്കാർ വക സ്ഥലത്തുള്ള ഒരു ഓല ഷെഡിലാണ് ഈ വിദ്യാലയം ആരംഭിച്ചത്. പിന്നീട് ഭൂദാന പ്രസ്ഥാനത്തിലൂടെ ലഭിച്ച

ഇന്നത്തെ സ്ഥലത്ത് പൊതുജനങ്ങളുടെ ശ്രമഫലമായിട്ടാണ് ഒരു സ്കൂൾ കെട്ടിടം നിർമ്മിച്ചത്. ആദ്യകാലത്ത് സമീപപ്രദേശത്തുള്ള വിദ്യാർത്ഥികളുടെ പ്രധാന ആശ്രയമായിരുന്നു ഈ വിദ്യാലയം.

പിന്നീട് പല എയ്ഡഡ് വിദ്യാലയങ്ങൾ ആരംഭിച്ചതോടെ സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായ മുന്നിൽ നിൽക്കുന്നവരുടെ മക്കൾ അങ്ങോട്ടു പോകാൻ തുടങ്ങി. പിന്നോക്കക്കാരുടെയും സാധാരണക്കാരുടെയും മക്കൾ കൂടുതലായി പഠിക്കുന്ന ഒരു വിദ്യാലയമായി ഈ സ്ഥാപനം മാറി .എന്നിട്ടും പത്തിൽ താഴെ അധ്യാപകരും നൂറിൽ താഴെ കുട്ടികളുമായി ആരംഭിച്ച ഈ വിദ്യാലയം ഇന്ന് 1500 ലധികം കുട്ടികളും 80 ഓളം അധ്യാപകരും ഉള്ള ജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നായി മാറിയിട്ടുണ്ട്.

സാധാരണ കുടുംബത്തിലെ കുട്ടികൾ കൂടുതൽ പഠിക്കുന്ന ഒരു വിദ്യാലയം എന്ന നിലയിൽ ഈ സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും മെച്ചപ്പെടുത്തി ഇത്തരം കുട്ടികളുടെ പഠനനിലവാരം വർദ്ധിപ്പിച്ച് ഈ പ്രദേശത്തുള്ള ജനങ്ങളുടെ സാമൂഹിക സാംസ്കാരിക പുരോഗതി ഉറപ്പുവരുത്തേണ്ടതുണ്ട്.

വിദ്യാലയത്തിന്റെ പഠന പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യങ്ങളിൽ ശ്രീ. കെ രാധാകൃഷ്ണൻ (ബഹുമാനപ്പെട്ട ആലത്തൂർ എം പി ) , ശ്രീ. കെ ഡി പ്രസേനൻ (ബഹുമാനപ്പെട്ട ആലത്തൂർ എം.എൽ.എ) എന്നിവരുടെയും ജില്ലാ പഞ്ചായത്തിന്റെയും ഗ്രാമ പഞ്ചായത്തിന്റെയും നല്ലൊരു സമീപനവുമാണ് ഈ വിദ്യാലയത്തിന്റെ അടിത്തറ. നല്ലൊരു സ്പോർട്സ് ഹോസ്റ്റൽ ഈ വിദ്യാലയത്തിനകത്ത് പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി കായിക രംഗത്ത് മികച്ച നേട്ടങ്ങൾ ഈ വിദ്യാലയത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ എസ്എസ്എൽസി പരീക്ഷയിൽ 100% വിജയം നേടിയെടുക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്.

## സ്കൂൾ വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | :- ജി എച്ച് എസ് എസ് കിഴക്കഞ്ചേരി |
| റവന്യൂ ജില്ല | :- പാലക്കാട് |
| സ്കൂൾ കോഡ് | :-21006 |

ഫോൺ നമ്പർ :- 8301885726

ഇ മെയിൽ ഐ ഡി :- ghsskizhakkanchery@gmail.com

ഗ്രാമ പഞ്ചായത്ത് :- കിഴക്കഞ്ചേരി

വിദ്യാഭ്യാസ ജില്ല :- പാലക്കാട്

വിദ്യാഭ്യാസ ഉപ ജില്ല :- ആലത്തൂർ

ബി ആർ സി :- ആലത്തൂർ

ക്ലാസുകൾ :- 5 മുതൽ 12 വരെ

മാനേജ്മന്റ് :- സർക്കാർ

പഠന മാധ്യമം :- മലയാളം , ഇംഗ്ലീഷ്

സാമൂഹികം

വിദ്യാർത്ഥികൾക്കിടയിൽ അച്ചടക്കം പുലർത്തുന്നതിനും മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉണ്ടാക്കിയെടുക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് /പിടിഎ / എസ് എം സി/ ജാഗ്രത സമിതി എന്നിവയുടെ ഭാഗത്തുനിന്ന് നല്ല രീതിയിലുള്ള സമീപനവും ഇടപെടലും ഉണ്ടാകുന്നുണ്ട്.

വാർഡ് തല പിടിഎ സമിതികൾ വിളിച്ചു ചേർക്കാൻ ജനപ്രതിനിധികൾ മുൻകൈയെടുക്കുകയും പ്രാദേശികമായി എസ്എസ്എൽസി പഠിക്കുന്ന കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധിക്കുകയും ഇടപെടുകയും ചെയ്യുന്നു. കൂടാതെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെയോ കുടുംബാംഗങ്ങളുടെയോ ചികിത്സയ്ക്കായി സാമ്പത്തിക സഹായം നൽകാൻ അധ്യാപകരും കുട്ടികളും ഒരുമിച്ച് ശ്രമിക്കുന്നു . ഈ കാരണങ്ങൾ കൊണ്ട് പൊതുജനങ്ങൾക്കും പിടിഎ / എസ്എംസിക്കും വിദ്യാലയത്തോട് പ്രത്യേക മമതയും ശ്രദ്ധയും ഉണ്ട് .

അക്കാദമിക വികസന ലക്ഷ്യം

1) ഭാഷാശേഷി വികസനം
2) ഗണിതശേഷി വികസനം
3) ഇംഗ്ലീഷ് പഠനം അനായാസകരമാക്കാം
4) വായന ശേഷി വർധിപ്പിക്കൽ
5) ശാസ്ത്ര പോഷണ പരിപാടി
6) ലബോറട്ടറി നവീകരണം
7) ലൈബ്രറി ശാക്തീകരണം

8) പഠനയാത്രകൾ
9) സ്കോളർഷിപ്പ് പരിശീലനം
10) അദ്ധ്യാപക ശാക്തീകരണം
11) സാഹിത്യ ശില്പശാലകൾ
12) രക്ത ഗ്രൂപ്പ് നിർണ്ണയം
13) സായാഹ്ന ക്ലാസ്സുകളിൽ ലഘു ഭക്ഷണം ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് സമ്പൂർണ്ണ പഠന പിന്തുണ
14) ദിനാചരണാഘോഷം
15) കായികശേഷി വികസനം
16) ക്ലാസ് പി ടി എ കാര്യക്ഷമമാക്കൽ
**17)** വാർഡ് തല യോഗങ്ങൾ ത്വരിതപ്പെടുത്തൽ

## ഹൈസ്കൂൾ ഇന്ന്

അധ്യാപകർ - 28

അനധ്യാപകർ- 5

വിദ്യാർത്ഥികൾ-7-10 വരെ - 709

## അക്കാദമിക നേട്ടങ്ങൾ

2024-2025- 100% വിജയം

പരീക്ഷ എഴുതിയവർ -255

| | |
|---|---|
| full A+ | -19 |
| 9 A+ | -3 |
| 8 A+ | -5 |

### ഭൗതിക നേട്ടങ്ങൾ

KIFB- SPONSERED HIGH TECH CLASS ROOMS-12
CLASSROOMS WITH PROJECTOR-5
HI TECH BATHROOMS
LIBRARY
DINING HALL
IT LAB
MODERN KITCHEN
COMPUTERS
MULTI MEDIA ROOM

ഭാഷ (മലയാളം,ഹിന്ദി,സംസ്കൃതം)

**ആമുഖം**

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഇന്ന് ഒരു പൊതു വികാരമായി മാറിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ കുട്ടികളിലെ ഭാഷ നൈപുണി വളർത്തേണ്ടതുണ്ട്. പഠനത്തിനും,ആശയവിനിമയത്തിനും സഹായകരമായ വിധത്തിൽ ഭാഷ നൈപുണി വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. മാതൃഭാഷയായ മലയാളം വിദ്യാർത്ഥിയുടെ വ്യക്തിത്വ വികസനത്തിനും സംവേദനശേഷി വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാനം പാകപ്പെടുത്തുന്നു. ഭാഷയുടെ സൗന്ദര്യവും സാമർത്ഥ്യവും വിശദമായി അനുഭവപ്പെടുകയും, വായന, എഴുത്ത്, പ്രസംഗം, ആലോചന തുടങ്ങിയ വൈവിധ്യമാർന്ന ഭാഷാകൗശലങ്ങൾ വികസിപ്പിക്കപ്പെടുകയും ചെയ്യേണ്ടത് ഈ വിഷയ പഠനത്തിന്റെ പ്രധാന ലക്ഷ്യമാണ്.**

**മാതൃഭാഷയുടെ സംസ്കാരപാരമ്പര്യവും ആധുനിക മലയാളഭാഷയുടെ ഉപയോഗപരിധിയും പഠനത്തിലൂടെ**

അറിയാൻ സഹായിക്കുന്നതോടൊപ്പം, ശബ്ദമാധ്യമങ്ങളുടെയും കലാപരിപാടികളുടെയും സംയോജനം വഴി ഭാഷാപാഠം കൂടുതൽ അനുഭവപൂർണമാക്കുകയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം.

പഠനം ഉള്ളടക്കപരമായി മാത്രമല്ല, അനുഭവപരമായി ഉൾക്കൊള്ളുന്നതായും രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ പദ്ധതി വിദ്യാർത്ഥികളിൽ ശബ്ദശുദ്ധി, അർത്ഥഗ്രഹണം, സൃഷ്ടിപരമായ ചിന്തനശേഷി തുടങ്ങിയവ വളർത്താൻ സഹായകരമാകുന്നു.

## ഉദ്ദേശ്യ-ലക്ഷ്യങ്ങൾ

* (മലയാളം & ഹിന്ദി )

1. ഓരോ കുട്ടിയും അവർ പഠിക്കുന്ന class അനുസരിച്ചും, നിലവാരമനുസരിച്ചും ഭാഷയിൽ ഉയർന്ന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.

2. മലയാളത്തിലും ഹിന്ദിയിലുമുള്ള വായന, എഴുതൽ, സംസാരിക്കുക, കേൾക്കുക എന്നീ നാല് അടിസ്ഥാന ഭാഷാകൗശലങ്ങൾ വളർത്തുക.

3. മാതൃഭാഷയുടെയും രാഷ്ട്രഭാഷയുടെയും സാഹിത്യ പൈതൃകം, സംസ്കാരം, ഭാഷാപരിണാമം എന്നിവയെക്കുറിച്ച് ബോധവൽക്കരണം ഉണ്ടാക്കുക.

4. ഭാഷയുടെ ശുദ്ധിയും ആധികാരികതയും കൃത്യമായി കൈവരിക്കാനുള്ള പരിശീലനം നൽകുക.

5. സ്കൂൾ പഠനം പൂർത്തിയാകുമ്പോഴേയ്ക്കും മുഴുവൻ കുട്ടികളും ഫലപ്രദമായ ആശയവിനിമയത്തിനുതകും വിധം ഭാഷയിലെ വിവിധ പ്രയോഗങ്ങൾ പ്ര യോഗിക്കുന്നതിനു പ്രാപ്തരാക്കുക.

6. ശബ്ദമാധ്യമങ്ങൾ, ഓൺലൈൻ വാചകങ്ങൾ, ചലച്ചിത്രങ്ങൾ എന്നിവ ഉപയോഗിച്ച് ആധുനിക ഭാഷാപ്രയോഗങ്ങൾ പരിചയപ്പെടുത്തുക.

## മലയാളം മാസ്റ്റർ പ്ലാൻ

# ഉപമേഖല 1 ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം.<br>2. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദ നിർമ്മാണം<br>• വാക്യ നിർമ്മാണം<br><br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പഠന ക്ലാസ്സ് | 3 മാസം<br><br>ഒരു വർഷക്കാലം | S R G മലയാളം അധ്യാപകർ<br><br>S R G |

| ഉപമേഖല : | 2 പത്രവായന പരിപോഷിപ്പിക്കൽ | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
| 1. എല്ലാകുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക | • പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ<br>• ഓരോ ക്ലാസ്സിനും ഓരോ പത്രം<br>• മലയാളം ക്ലാസ്സിൽ പ്രധാന പത്രവാർത്തകളുടെ അവതരണം<br>• പത്രക്വിസ്സ്- ക്ലാസ്സ് തല | ഒരു വർഷം | S R G<br><br>മലയാളം അധ്യാപകർ |

# ഉപമേഖല 3 സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| 1. കുട്ടികളിലെ സർഗ്ഗവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുക. | • വായനാനുഭവം പങ്കുവെയ്ക്കൽ<br>• സാഹിത്യ ക്വിസ്സ്<br>• രചനാശിൽപശാല | മാസത്തിൽ ഒരുത്തവണ<br><br>വർഷത്തിൽ ഒരുത്തവണ<br><br>വർഷത്തിൽ 2 | S R G<br>വിദ്യാരംഗം<br><br>മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| | • കവിതാലാപന മത്സരം<br>• പുസ്തക ചർച്ച | തവണ | |

## ഉപമേഖല 4 ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| 1. കുട്ടികളിലെ വിവിധ ശേഷികളുടെ വികാസം<br><br>• 2.ജീവിക്കുന്ന പരിസരം, സാമൂഹിക ചുറ്റുപാട് തിരിച്ചറിയൽ, മൂല്യങ്ങൾ മാനവികത വളർത്തൽ | • ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ<br>• ദിനാചരണങ്ങളുടെ ഭാഗമായി . പ്രത്യേക അസ്സംബ്ലി സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ. | S R G<br>അധ്യാപകർ |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025 –26

സംസ്കൃതം

മേഖല :– അക്കാദമികം ( യു.പി & എച്ച് എസ് ) ഉപമേഖല :– സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പഠനോപകരണങ്ങൾ |
|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ<br>• അക്ഷരജ്ഞാനം ഉറപ്പിക്കൽ (സ്വരം വ്യഞ്ജന ചിഹ്നങ്ങൾ എന്നിവയുടെ പരിചയപ്പെടൽ)<br>• തുടർന്ന് സംയുക്ത അക്ഷരങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നു<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും അവസരം നൽകുന്നു<br>• പദങ്ങളുടെ ഉപയോഗം<br>• ലഘുപദ നിർമ്മാണം എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു.<br>• സാഹിത്യാഭി രുചി വളർത്തുന്ന പ്രവർത്തനങ്ങൾ.<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യ | • ക്ലാസ്സിൽ ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>• കുട്ടികൾ അക്ഷരജ്ഞാനം നേടുവാൻ അക്ഷരങ്ങളുടെയും ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.<br>• സംയുക്താക്ഷര പഠനത്തിനായി അക്ഷരമാല പുസ്തകം പ്രയോജനപ്പെടുത്തുന്നു.<br>• അക്ഷര ചിഹ്നം സംയുക്താക്ഷരം എന്നിവ ഉപയോഗിച്ച് പദനിർമാണം.<br>• അക്ഷരക്കാട്ടുകൾ ഉപയോഗിച്ച് പദങ്ങളും മറ്റും നിർമ്മിച്ച അക്ഷരജ്ഞാനം ആർജിക്കാൻ സഹായം ചെയ്യുന്നു<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്.<br>• കേട്ടെഴുത്ത് ചോദ്യോത്തര പയറ്റ് സംസ്കൃത മറ്റ് ദിനാചരണങ്ങളുടെ പോസ്റ്റർ നിർമ്മാണം.<br>• ചാർടിന്റെ സഹായത്തോടെ പദങ്ങൾ എഴുതി പ്രദർശിപ്പിക്കുന്നു തുടർന്ന് കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു.<br>• അധ്യാപകൻ ലഘുപദങ്ങൾ ബോർഡിൽ എഴുതി കുട്ടികളെ കൊണ്ട് വായിച്ച് ലഘുപദങ്ങൾ നിർമ്മിക്കാൻ ശ്രമിക്കുന്നു.<br>• വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടുത്തൽ, കഥാ, കവിത, സുഭാഷി തങ്ങൾ , ജീവചരിത്രക്കുറിപ്പുകൾ എന്നിവ | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ തുടങ്ങിയവ. |

| | | | |
|---|---|---|---|
| സാധ്യതകളെ പ്രയോജനപ്പെടുത്തൽ.<br>• ഭാഷാ ലാബ് പ്രയോജനപ്പെടുത്തൽ | രചിക്കുകയും ശേഖരിക്കുകയും ചെയ്തു പതിപ്പുകൾ തയ്യാറാക്കുന്നു<br>• വിവിധ കലാരൂപങ്ങളുടെ പരിചയപ്പെടുത്തൽ | | |

<u>സംസ്കൃത ലൈബ്രറി</u>

സംസ്കൃത ഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിത്ര ഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറി നിർമ്മാണം

<u>സംസ്കൃത ദിനാചരണം</u>

സംസ്കൃത ദിനം വിവിധ പരിപാടികളോടെ സാമൂചിതമായി ആചരിക്കൽ. സംസ്കൃത അസംബ്ലി.

<u>പഠനയാത്രകൾ സംഘടിപ്പിക്കൽ</u>

സംസ്കൃത കൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ

<u>വിവിധ മത്സരങ്ങൾ</u>

കഥാരചന, കവിതാരചന, ഉപന്യാസ രചന, പ്രശ്നോത്തരി  തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

<u>മികച്ച വിദ്യാർഥികൾക്ക് മത്സരപരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം</u>

സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ , യു എസ് എസ് പരീക്ഷ , രാമായണ പ്രശ്നോത്തരി എന്നിവക്ക് പ്രത്യേക പരിശീലനം .

<u>ഐടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ</u>

വിക്ടേഴ്സ് ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ ഷോർട്ട് ഫിലിമുകൾ ഡോക്യുമെൻററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ

# ENGLISH

## Introduction

**English, the international language gets wide spread recognition across the world. Even the common people wanted their children to be well versed in it. It demands opportunity especially in the field of higher education, job opportunities, achieving scholarships in international level. Our academic Master Plan provides ample opportunities to get the children Equipped in their overall development.**

# Academic Master Plan 2025-26 English

| Objective | Activities | Time | Charge |
|---|---|---|---|
| To make the children listen to english stories, poems, speeches etc. Their skill for listening would be improved. | *conducting english assemblies.<br>* making use of audio visual elements.<br>* creating language lab facilities. | During class hours | HM, PTA and english teachers in general. |
| To make the child communicate effectively in english language. | Offering spoken english classes. Ask the students to present english conversations and news reading based on their lessons. | Along with classroom activities | English teachers |
| To make the child read and respond to english manuscripts. | Promote classroom reading corners and the use of library resources. | Along with classroom activities june - feb | Class teachers, HM |
| To make the child confident in writing grammatically correct sentences. | Imparting grammatical knowledge among students. Make the child apperciate english writings. | Along with classroom activities | English teachers |
| To nurture creativity among students. | *Make the children write their own articles, poems, essays and other discourses.<br>*conducting poetry, story and essay writing competitions. | Twice a year | English club |
| To enable the children to read fluently with proper intonations,stress and modulation. | *conducting reading competitions and celebration of world reading day.<br>*providing opportunities to listen to english TV channels. | Along with school activities | Class teachers and english teachers |
| *make the children expressive in english language and improve their team spirit.<br>*provide a chance to express without a stage fear. | *role plays, puppetry and film festivals etc were conducted. | June to feb | English club members |

| | | | |
|---|---|---|---|
| Making use of ICT in english classrooms. | Videos and audio clips based on the textual lessons were being played. | June to feb | School SITC, HM and teachers |
| Encourage students to create magazines with a sense to improve their imaginative skills. | *Wall magazines and notice board displays were created.<br>*students were asked to create placards and notices. | June to feb | Class teachers, HM, PTA |
| Celebration of important days. | *They offer valuable insights into the evolution of societies, cultures and civilizations.<br>*honoring individuals and their contributions.<br>*conducting assemblies on special days and make the children remember and celebrate struggles and triumphs. | June to feb | Class teachers, HM, PTA |
| Formation of english club with a sense to organise all the learning activities. | Club activities like film festival, reading competitions, writing competitions and national day celebrations were conducting. | June to feb | English teachers, class teachers, HM, PTA |

| | | | | |
|---|---|---|---|---|
| മേഘല | ഹൈസ്കൂൾ-<br>ഹിന്ദി | | | |
| ലക്ഷ്യം | പ്രവർ<br>ത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക<br>വിശകലനം |
| 1. രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർ ദ്ധിപ്പിക്കുന്നു.<br>2. മാതൃഭാഷയെ പോലെ ഹിന്ദിയും നിർ ഭയം കൈകാര്യം ചെയ്യാൻ പ്രാപ് തരാക്കുക<br>3. വിവർ ത്തകർ, വാർ ത്തവായനക്കാ ർ,ജേർ ണലിസ്റ്റുകൾ തുടങ്ങിയ ജോലിസാധ്യ തക്കായി കുട്ടികളെ | കഥവായ,കവി ത വായന എന്നിവയ്ക്ക് അവസരം നൽ കുന്നു.<br>പാഠഭാഗവുമാ ബന്ധപ്പെട്ട് പ്രസിദ്ധസാഹി ത്യകാരന്മാരു ടെ കഥകൾ , നോവലുക ൾ,സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽ കുന്നു. ഹിന്ദി തിയേറ്ററുകൾ സജീകരിക്കുന്നു .<br>ഹിന്ദി മാതൃഭാഷയാ യിട്ടുള്ള പ്രദേശങ്ങളി ലേക്ക് പഠന | ജൂൺ മുതൽ<br>ജൂൺ മുതൽ<br>അക്കാദ- മിക വർ ഷം | ഹിന്ദി അധ്യാപകർ<br>ഹിന്ദി അധ്യാപകർ<br>ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ<br>പി.ടി.എ |

| | | | | |
|---|---|---|---|---|
| പ്രാപ്തരാക്കുക | യാത്രകൾ സംഘടിപ്പിക്കണം . പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു . | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | |

# സയൻസ്

## ഉദ്ദേശ്യ ലക്ഷ്യങ്ങൾ

**1.** വിദ്യാർത്ഥികളിൽ ശാസ്ത്രീയ മനോഭാവവും അന്വേഷണശീലവും വളർത്തുക.

**2.** പഠിച്ച ശാസ്ത്രവിഷയങ്ങൾ ദൈനംദിന ജീവിതവുമായി ബന്ധിപ്പിക്കാനുള്ള കഴിവ് വികസിപ്പിക്കുക.

**3.** പ്രായോഗിക വിദ്യകൾക്ക് മുൻഗണന നൽകികൊണ്ട് അറിവ് ആഴപ്പെടുത്തുക.

**4.** ശാസ്ത്രത്തെ ഒരു അനുഭവപരിശോധനാശാസ്ത്രമായി മനസ്സിലാക്കാൻ വിവിധ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക.

**5.** ശാസ്ത്രമേള, ക്ലബ്ബ് പ്രവർത്തനം, ഫീൽഡ് ട്രിപ്പുകൾ, ശാസ്ത്ര പ്രദർശനങ്ങൾ തുടങ്ങിയവ മുഖേന സഹപാഠികളുമായും സമൂഹത്തോടുമായും ആശയവിനിമയം **deep** ആക്കുക.

**6.** ശാസ്ത്രം ഉപയോഗിച്ച് ജീവിതത്തെ മെച്ചപ്പെടുത്താനാവുന്ന സമീപനങ്ങൾ വളർത്തുക.

**7)** വിദ്യാർത്ഥികളെ സംശയങ്ങൾ ചോദ്യങ്ങളായി മാറ്റാനും അതിന് ഉത്തരം കണ്ടെത്താനും പ്രേരിപ്പിക്കുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 –26

## സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാർത്ഥികളിൽ ശാസ്ത്ര ബോധം വളർത്തുക | ക്ലാസ് അധ്യാപനത്തിലൂടെ അധ്യാപകർ ശാസ്ത്ര കാഴ്ചകളെ വിശദീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്ര അദ്ധ്യാപകർ | സ്കൂൾ ഫണ്ട് 2000 |
| പ്രായോഗിക വിജ്ഞാനം വർദ്ധിപ്പിക്കൽ | പ്രായോഗിക പരീക്ഷണങ്ങൾ ലബോറട്ടറിയിൽ നടത്തുക | ഓൺ ഗോയിങ് | ശാസ്ത്ര അദ്ധ്യാപകർ | |
| ശാസ്ത്രമേളയ്ക്കായി വിദ്യാർത്ഥികളെ തയ്യാറാക്കുക | ശാസ്ത്ര പ്രദർശനം | ഒക്ടോബർ – നവംബർ | അദ്ധ്യാപകർ | |
| വിദ്യാർഥികളിൽ ഗവേഷണാത്മക മനോഭാവം വളർത്തുക | മിനി റിസർച്ച് പ്രോജക്ട്സ് | സെപ്റ്റംബർ – നവംബർ | അദ്ധ്യാപകർ | |
| വിദ്യാർത്ഥികളിൽ ശാസ്ത്രീയ അവതരണ ശൈലി വളർത്തുക | വിദ്യാർത്ഥികൾക്കായി ചെറിയ സെമിനാറുകൾ | മാസത്തിൽ ഒരിക്കൽ | അദ്ധ്യാപകർ , ക്ലാസ് ലീഡർമാർ | |
| ബഹിരാകാശ നാഴികക്കല്ലുകൾ ആഘോഷം | മൂൺ ഡേ യു മായി ബന്ധപ്പെട്ട് ക്വിസ് മത്സരം, പോസ്റ്റർ പ്രദർശനം തുടങ്ങിയവ | ജൂലായ് മാസം | അദ്ധ്യാപകർ ഹെൽത്ത് ക്ലബ് | |
| ബോധവൽക്കരണ പരിപാടികൾ | ഹെൽത്ത് ആൻഡ് ഹൈജീൻ അവയർനസ് വീക്ക് | ഡിസംബർ | | |

# ACADEMIC MASTER PLAN 2025-26 BIOLOGY

| മേഖല | പ്രവർത്തനങ്ങൾ | സമയം | നിർവ്വഹണം | റിമാർക്സ് |
|---|---|---|---|---|
| പരിസ്ഥിതി | പരിസ്ഥിതി ദിന അസംബ്ലി ക്വിസ് പൂന്തോട്ടം നിർമ്മാണം | **JUNE** | **ECO CLUB** | പരിസ്ഥിതി സംരക്ഷണ മനോഭാവം വളർത്തുന്നു |
| **കാർഷികം** | പച്ചക്കറി തോട്ടപരിപാലനം | **JUNE-MARCH** | **FARMERS CLUB** | കൃഷിയോടുള്ള താല്പര്യം വളർത്തുന്നു |
| പരിസ്ഥിതി | പ്രകാശസംശ്ലേഷണത്തിന് പ്രസക്തി ആഗോളതാപനം മരമാണ് മറുപടി സെമിനാർ | **JULY** | **SCEINCE CLUB** | ശാസ്ത്രവബോധം |

| | | | | |
|---|---|---|---|---|
| **ആരോഗ്യം** | ഭക്ഷണശീലങ്ങൾ ഡയറ്റീഷ്യന്റെ ക്ലാസ് | **AUGUST** | **HEALTH CLUB** | ജംഗ് ഫുഡ്സിനെതിരെ നിൽക്കാനും നല്ല ഭക്ഷണ ശീലം വളർത്തിയെടുക്കാനും |
| **Science project** | നിങ്ങളുടെ പ്രദേശത്ത് സാധാരണയായി കണ്ടുവരുന്ന സസ്യ രോഗങ്ങൾ രോഗകാരി പകരുന്ന വിധം പട്ടിക പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ | **SEPTEMBER** | **STUDENTS** | പ്രമേഹ രോഗത്തെക്കുറിച്ച് മനസ്സിലാക്കുന്നു |
| **ആരോഗ്യം** | പ്രമേഹരോഗം കാരണങ്ങൾ ചികിത്സാരീതി ആരോഗ്യ പ്രവർത്തകരുടെ ക്ലാസ് | **NOVEMBER** | **HEALTH CLUB** | പുതിയ രീതികളെക്കുറിച്ച് പഠിക്കുന്നതിന് |
| ജീവശാസ്ത്രം | ഡിഎൻഎ ,ന്യൂക്ലിയോസോം , ബ്രെയിൻ തുടങ്ങിയവയുടെ മാതൃകകൾ പാഴ്വസ്തുക്കൾ ഉപയോഗിച്ച് നിര്മ്മാണം | **JUNE-DECEMBER** | **SCEINCE CLUB** | മോഡൽ നിർമ്മാണത്തിലൂടെ കലാവാസനകൾ വളർത്തിയെടുക്കാനും ആശയ വ്യക്തത ഉണ്ടാക്കാനും |
| **പരിസ്ഥിതി** | വന്യജീവിവാരാഘോഷം ക്വിസ് പോസ്റ്റർ രചന ഫീൽഡ് ട്രിപ്പ് | **OCTOBER** | **ECO CLUB** | വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു |

| | | | | |
|---|---|---|---|---|
| **കാർഷികം** | പോളി ഹൗസ് ഫാമിംഗ് ഹൈഡ്രോഫോണിക്സ് വെർട്ടിക്കൽ ഫാർമിംഗ് എന്നിവ കണ്ടു പഠിക്കാനായി റിപ്പോർട്ട് **തയ്യാറാക്കൽ** | **JULY/AUGUST** | **FARMERS CLUB** | പുതിയ **HI-TECH** രീതികളെക്കുറിച്ച് പഠിക്കുന്നതിന് |

# സോഷ്യൽ സയൻസ്

പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക

ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക പൗരബോധം മൂല്യബോധം എന്നിവ വളർത്തുക കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുക വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെ കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവ്വതങ്ങൾ എന്നിവയെക്കുറിച്ചും പരിചയപ്പെടുത്തുക സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണ വ ബോധം വളർത്തുക മതേതരത്വം സഹിഷ്ണത എന്നിവ വളർത്തുക അതിനായി ക്രിയാത്മക പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുക

പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക

ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക ധനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക പൗരബോധം മൂല്യബോധം എന്നിവ വളർത്തുക കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുക

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 –26

## സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പഠനോപകരണങ്ങൾ |
|---|---|---|---|
| • പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക .<br>• ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം മൂല്യബോധം എന്നിവ വളർത്തുക.<br>• കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുക.<br>• വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെ കുറിച്ചും കാറ്റുകൾ ,സമുദ്രങ്ങൾ പർവ്വതങ്ങൾ എന്നിവയെക്കുറിച്ചും പരിചയപ്പെടുത്തൽ.<br>• സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണാവബോധം വളർത്തുക.<br>• മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തുക. അതിനായി ക്രിയാത്മക പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുക.<br><br>• ഭൂപട വായന , അറ്റ്ലസ് നിർമ്മാണം. | • ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര നടത്തുക.<br>• സാമൂഹ്യശാസ്ത്രത്തിൽ പിന്നോക്കം നിൽക്കുന്ന പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേകം പഠന പ്രവർത്തനങ്ങൾ നടത്തുക.<br>• സ്കൂൾ പാർലമെൻറ്, മോക്ക് പാർലമെൻറ് എന്നിവ നടത്തുക. ഉയർന്ന പൗരാവബോധം , സാമൂഹിക സേവനം എന്നിവയുള്ള വിശിഷ്ട വ്യക്തിത്വങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു .<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ്സുകൾ സംവാദം, പ്രശ്നോത്തരി എന്നിവ സംഘടിപ്പിക്കുന്നു.<br>• പഠനയാത്രകൾ സംഘടിപ്പിക്കുന്നു .<br>• സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുക. സ്കൂളിലെ വെതർ സ്റ്റേഷൻ സന്ദർശിച്ച് വിവിധ ഉപകരണങ്ങളെ പരിചയപ്പെടുത്തുക<br>• പ്ലാനറ്റോറിയം സന്ദർശനം നടത്തുക .<br>• സാമൂഹിക പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക.<br>• ചർച്ചകൾ, സംവാദം, ക്ലാസുകൾ അഭിമുഖങ്ങൾ എന്നിവ സംഘടിപ്പിക്കുക.<br>• അറ്റ്ലസ് , മാപ് , ഗ്ലോബ് എന്നിവ പരിചയപ്പെടുത്തുന്നു.അംഗീകൃത ചിഹ്നങ്ങളും അടയാളങ്ങളും പരിചയപ്പെടുത്തുന്നു. | അക്കാദമിക വർഷം മുഴുവൻ .<br><br>അക്കാദമിക വർഷത്തിലെ പ്രത്യേക തിരഞ്ഞെടുത്ത ദിനങ്ങളിൽ .<br><br>അക്കാദമിക വർഷം .<br><br>നിശ്ചയിച്ച സമയങ്ങളിൽ .<br><br>വർഷം മുഴുവൻ.<br><br>അക്കാദമിക വർഷം .<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട് | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർക്ക്<br><br>സാമൂഹ്യശാസ്ത്ര അദ്ധ്യാപകർക്ക്<br><br>സാമൂഹ്യശാസ്ത്ര അദ്ധ്യാപകർക്ക്<br><br>സാമൂഹ്യശാസ്ത്ര അദ്ധ്യാപകർക്ക്<br><br>സാമൂഹ്യശാസ്ത്ര അദ്ധ്യാപകർക്ക്<br><br>സാമൂഹ്യശാസ്ത്ര അദ്ധ്യാപകർക്ക്<br><br>സാമൂഹ്യശാസ്ത്ര അദ്ധ്യാപകർക്ക് |

# ഗണിതശാസ്ത്രം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ശക്തിയാർജിക്കുന്ന സാഹചര്യത്തിൽ കുട്ടികൾ ഗണിതതത്വങ്ങൾ ശരിയായ രീതിയിൽ മനസ്സിലാക്കുകയും അവ ദൈനംദിന ജീവിതത്തിൽ പ്രയോജനപ്പെടുത്താനുള്ള നൈപുണ്യം നേടിയെടുക്കുകയും ചെയ്യേണ്ട ആവശ്യമാണ് ഗണിത പഠനം വസ്തുതകളെ ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിന് പര്യാപ്തവും മറ്റു വിഷയങ്ങളുടെ പഠനം കാര്യക്ഷമമാക്കുന്നതിന് സഹായകരവുമാണ് അതുകൊണ്ടുതന്നെ ഗണിത പഠനത്തിൻറെ ഉള്ളടക്കം ദൈനംദിന പ്രശ്നങ്ങൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനും അർത്ഥപൂർണ്ണമായി ആശയ രൂപീകരണത്തിലൂടെ കുട്ടികളുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിനും പര്യാപ്തമായ രീതിയിലുള്ളതായിരിക്കണം

**ACADEMIC MASTER PLAN 2025-26** **MATHEMATICS**

| മേഖല | പ്രവർത്തനങ്ങൾ | സമയം | നിർവ്വഹണം | റിമാർക്സ് |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകളും ജാമിതിയും എല്ലാം പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | പ്രവേശനോൽസവത്തിൽ ബഹുഭുജാകൃതിയിൽ ആശംസ കാർഡുകൾ നിർമ്മിക്കുന്നു | JUNE | MATHS TEACHERS | |
| ശാസ്ത്രീയമായി ഗണിത പഠനം രസകരമാക്കുന്നതിനും കര ചലനശേഷികളുടെ വികസനവും | ടാൻ ഗ്രാം ശില്പശാല വിവിധതരം ടാൻഗ്രാമുകൾ നിർമ്മിക്കുന്നതിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുന്നു | JULY | MATHS TEACHERS | |

| | | | | |
|---|---|---|---|---|
| അംശബന്ധത്തിനും അനുപാതത്തിനുമായുള്ള പ്രാധാന്യം | പതാകകൾ നിർമ്മിക്കുകയും പ്രദർശനം നടത്തുകയും ചെയ്യുന്നു | AUGUST | MATHS TEACHERS | |
| ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജിയോജിബ്ര ഫെസ്റ്റ് ജാമിതീയ രൂപങ്ങൾ ചതുഷ്ഫലകങ്ങൾ എന്നിവ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു . | OCTOBER | MATHS TEACHERS | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു . | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരുടെ മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു . | NOVEMBER | SAG | |

| | | | | |
|---|---|---|---|---|
| പ്രായോഗിക ഗണിതത്തിന്റെ പ്രാധാന്യം | ജോമട്രിക്കൽ ചാർട്ട് നമ്പർ ചാർട്ട് കൺസ്ട്രക്ഷൻ പ്രോജക്ട് മാഗസിൻ മോഡൽസ് എന്നിവയുടെ നിർമ്മാണവും പ്രദർശനവും | NOVEMBER | MATHS CLUB MEMBERS | |
| വിവിധ ശേഷികളുടെ വികസനം | ഗണിത അസംബ്ലി ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും എസ്ആർ ജി യിൽ അവതരിപ്പിച്ച് സംഘടിപ്പിക്കുന്നു | DECEMBER | MATHS CLUB MEMBERS | |
| | | | | |
| | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

NEETHU M NAJ
PET

## ആരോഗ്യ കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|---|
| 1 | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ആരോഗ്യ കായിക വിദ്യാഭ്യാസം പാഠപുസ്തകം പരിചയപ്പെടുത്തുന്നു . | ജൂൺ മുതൽ ഫെബ്രുവരി വരെ | പിടിഎ അധ്യാപകർ | വിദ്യാലയ വികസന സമിതി | സ്കൂളിലെ മുഴുവ വിദ്യാർത്ഥികൾക കായിക പഠന ലഭ്യമാക്കുക എന്നതാണ് ലക്ഷ |
| 2 | കുട്ടികളുടെ നിലവിലെ ആരോഗ്യ കായിക ക്ഷമത തിരിച്ചറിയുക. | കായിക ശേഷി അളക്കുന്നതിനുള്ള വിവിധ ടെസ്റ്റുകൾ നടത്തുന്നു (Shuttle run,Hard ward step test etc) | ജൂൺ മുതൽ ഓഗസ്റ്റ് വരെ | പിടിഎ സ്കൂൾ വികസന സമിതികൾ അധ്യാപകർ | വിദ്യാലയ വികസന സമിതി , പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്പോൺസർഷിപ്പ് തുടങ്ങിയവ | സ്കൂളിലെ മുഴുവ വിദ്യാർത്ഥികളു നിലവിലെ ആരോ കായിക ക്ഷമ മനസ്സിലാക്കുക. |

| | | | | | | |
|---|---|---|---|---|---|---|
| 3 | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയ ശ്വസനക്ഷമത വർധിപ്പിക്കുന്നതിനും കായികശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള വിവിധ എയ്റോബിക് പരിശീലനം | ജൂൺ മുതൽ ഫെബ്രുവരി വരെ | പിടിഎ സ്കൂൾ വികസന സമിതികൾ അധ്യാപകർ | വിദ്യാലയ വികസന സമിതി ,പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്പോൺസർഷിപ്പ് തുടങ്ങിയവ | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളുടെ നിലവിലെ ആരോഗ്യ കായിക ക്ഷമത മനസ്സിലാക്കുക. |
| 4 | വിവിധ സബ് ജില്ല ടീം രൂപീകരണം. | സുബ്രതോ കപ്പ് സെലക്ഷൻ മറ്റു ടീം സെലക്ഷനുകൾ മത്സരത്തിന് തയ്യാറാക്കൽ കോച്ചിംഗ് ക്യാമ്പുകൾ ഫിറ്റ്നസ് വർക്ക് | ജൂൺ മുതൽ ജനുവരിവരെ | പിടിഎ സ്കൂൾ വികസന സമിതികൾ അധ്യാപക | വിദ്യാലയ വികസന സമിതി , | ഓരോ ഗെയിമിലെയും ടാലെന്റുകളെ കണ്ടെത്തി മത്സരത്തിൽ പങ്കെടുപ്പിക്കുക |

| | | | | | | |
|---|---|---|---|---|---|---|
| 5 | സ്കൂൾ കായികമേളയും പരിശീലനവും | കായിക മേളയിൽ നിന്ന് കണ്ടെത്തിയ athlet മാർക്കുള്ള പരിശീലനം സബ്ജില്ല,ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുക | സെപ്റ്റംബർ മുതൽ ജനവരി വരെ | പിടിഎ സ്കൂൾ വികസന സമിതികൾ അധ്യാപക | വിദ്യാലയ വികസന സമിതി ,പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്പോൺസർഷിപ്പ് തുടങ്ങിയവ | ടാലെന്റുകളെകണ്ടെത്തി മത്സരത്തിൽ പങ്കെടുപ്പിക്കുക |
| 6 | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ പെൺകുട്ടികൾക്കും സൈക്കിൾ സവാരി പാനം | ഒക്ടോബർ മുതൽ ഫെബ്രുവരി | സ്കൂൾ തലസമിതി, പിടിഎ, അധ്യാപകർ | വിദ്യാലയ വികസന സമിതി ,പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തുടങ്ങിയവ | ഘട്ടം ഘട്ടമായി മാത്രമേ ഈ പദ്ധതി പൂർത്തികരിക്കാനാകൂ . |

| | | | | | | |
|---|---|---|---|---|---|---|
| 7 | കായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കുട്ടി നേടേണ്ട സാക്ഷരത നേടിയിട്ടുണ്ടോ എന്ന് വിലയിരുത്തുന്നു. | ചോദ്യാവലി നിരന്തര നിരീക്ഷണം വിലയിരുത്തൽ | ജൂൺ മുതൽ ഫെബ്രുവരി | സ്കൂൾ വികസന സമിതികൾ പിടിഎ അധ്യാപകർ | വിദ്യാലയ വികസന സമിതി ,പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്പോൺസർഷിപ്പ് തുടങ്ങിയവ | ഘട്ടം ഘട്ടമായി മാത്രമേ ഈ പദ്ധ... പൂർത്തീകരിക്കാനാ... . |
| 8 | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള കായിക ഇനങ്ങളെ പരിചയപ്പെടൽ | വിവിധ സ്പോർട്സ് ഇനങ്ങളെ പരിചയപ്പെടുത്തുന്ന പരിശീലനങ്ങളും, മത്സരങ്ങളും | ജൂൺ മുതൽ ഫെബ്രുവരി വരെ | സ്കൂൾ വികസന സമിതികൾ പിടിഎ അധ്യാപകർ | സ്കൂൾ തലസമിതികൾ , പിടിഎ അധ്യാപകർ | സ്കൂളിലെ മുഴുവൻ പ്രത്യേക പരിഗണ... അർഹിക്കുന്ന വിദ്യാർത്ഥികൾക്ക... കായിക പരിശീലന... ലഭ്യമാക്കുക എന്... ലക്ഷ്യം |

| | | | | | | |
|---|---|---|---|---|---|---|
| 9 | കുട്ടികളുടെ സാമൂഹികവും,മാനസികവും,വൈകാരികവുമായ അവസ്ഥ തിരിച്ചറിയുക | ചോദ്യാവലി നിരന്തര നിരീക്ഷണം വിലയിരുത്തൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | സ്കൂൾ വികസന സമിതികൾ പിടിഎ അധ്യാപകർ | സ്കൂൾ തലസമിതികൾ , പിടിഎ അധ്യാപകർ | വേണ്ട സപ്പോർട്ട് നൽകൽ |
| 10 | വിക്ടറി ഡേ ആചരണം | വിവിധ സബ് ജില്ല,ജില്ല, സംസ്ഥാന തലങ്ങളിൽ മെഡൽ നേടിയ കായിക താരങ്ങളെ ആദരിക്കൽ സ്കൂൾ അസംബ്ലി അവാർഡ് സെറിമണി | ജനുവരി ഫെബ്രുവരി | പിടിഎ സ്കൂൾ വികസന സമിതികൾ അധ്യാപകർ | സ്കൂൾ തലസമിതികൾ , പിടിഎ അധ്യാപകർ | സ്പോട്സ്മാൻ സ്പിരിറ്റ്,മോട്ടിവേഷൻ എന്നിവ വളർത്തിയെടുക്കുക |